## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7973 16.7.2014- ലെ മറുപടിക്ക്**

**ഇറച്ചിക്കോഴിയുടെയും മുട്ടക്കോഴിയുടെയും മൂല്യവർദ്ധിത നികുതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഇറച്ചിക്കോഴിക്കും മുട്ടക്കോഴിക്കും ഒരേ നിരക്കിലാണ് മൂല്യവർദ്ധിത നികുതി നിശ്ചയിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം പൗൾട്രി എന്ന നിർവചനത്തിലാണ് കോഴി ഉൾപ്പെടുന്നത്. പ്രസ്തുത നിയമത്തിൽ ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നുള്ള വേർതിരിവില്ല. അതിനാൽ 14.5 ശതമാനമാണ് നികുതി നിരക്ക്. |
| (ബി) വിവിധ സർക്കാർ പദ്ധതികൾക്കായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായും മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ വേർതിരിക്കുവാനും പ്രസ്തുത സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന മുട്ടക്കോഴികളെ മൂല്യവർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ ; | (ബി) (സി) & (ഡി) ഒരു പ്രത്യേക വിഭാഗത്തിനു മാത്രമായി ഇളവു നല്കുന്നതിനുള്ള വ്യവസ്ഥകൾ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഇല്ല. കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മുട്ട നികുതി വിമുക്തമാണ്. |
| (സി) കേരളത്തിലെ മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി മുട്ട ഉൽപാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുവാനും പ്രസ്തുത നികുതി പരിഷ്കരണം കൊണ്ട് കഴിയുമെന്നു കരുതുന്നുണ്ടോ ; | |
| (ഡി) അങ്ങനെയെങ്കിൽ ഈ രംഗത്തെ നികുതി പരിഷ്കരണത്തിന് എന്തു നടപടിയാണ് സ്വീകരിക്കുകയെന്നു വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ